LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്താൻ നടപടി

122 [492] ശ്രീ. സാജു പോൾ:
" മത്തായി ചാക്കോ:
" എം. വി. ജയരാജൻ:
" എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സാങ്കേതിക-സാമ്പത്തിക-സാമൂഹ്യ പ്രാധാന്യം കണക്കിലെടുത്ത് അവ ശക്തിപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള യു.ഡി.എഫ്. സർക്കാർ നിയോഗിച്ച ആർ.സി. ചൗധരി കമ്മിറ്റിയുടെ ശുപാർശകൾക്ക് പ്രസക്തി നഷ്ടപ്പെടുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ സഹായം നൽകേണ്ട തില്ലെന്ന ആന്റണി സർക്കാരിന്റെ സമീപനത്തിൽ മാറ്റം വരുത്താൻ സർക്കാർ തയ്യാറാകുമോ;

(ഡി) എങ്കിൽ എല്ലാ സ്ഥാപനങ്ങളെയും പൊതുമേഖലയിൽ നിലനിർത്താനും ശക്തിപ്പെടുത്താനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇതിനോടകം തന്നെ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇ.ആർ.സി. ശുപാർശകൾക്ക് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനായി മറ്റൊരു സമീപനത്തിന് രൂപം നൽകുന്നതിനായി സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) മേൽപ്പറഞ്ഞ മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശകൾ പ്രകാരമായിരിക്കും ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നത്.

പുതിയ അംഗൻവാടികൾ

123 [493] ശ്രീ. റോഷി അഗസ്റ്റിൻ:
" കെ. നാരായണക്കുറുപ്പ്:
" തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അംഗൻവാടികൾ അനുവദിച്ചു.;

(ബി) പുതുതായി അംഗൻവാടികൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാരിനു അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അപേക്ഷകളിൻമേൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ഡി) അംഗൻവാടികൾ അനുവദിക്കുമ്പോൾ പിന്നോക്ക ജില്ലകൾക്ക് പ്രാമുഖ്യം നൽകാറുണ്ടോ;

(ഇ) ഇല്ലെങ്കിൽ അംഗൻവാടി അനുവദിക്കുമ്പോൾ പിന്നോക്ക ജില്ലകൾക്ക് പ്രാമുഖ്യം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ അംഗൻവാടികൾ അനുവദിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് പ്രവർത്തന രഹിതമായ 590 അംഗൻവാടികൾ 14-6-2004-ലെ ജി.ഒ. (ആർ. ടി.) നം. 247/04/സാ.ക്ഷേ.വ. പ്രകാരവും, 193 അംഗൻവാടികൾ 16-7-2004-ലെ ജി.ഒ. (ആർ. ടി.) നം. 311/04/സാ.ക്ഷേ.വ. പ്രകാരവും ആവശ്യമുള്ള മറ്റ് ഐ.സി.ഡി.എസ്. പ്രോജക്ടുകളിലേയ്ക്ക് മാറ്റി അനുവദിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ഉണ്ട്. പുതിയ അംഗൻവാടികൾ ആവശ്യമുള്ള അപേക്ഷകളിൽ നേരത്തെ അനുവദിച്ചവയിൽ പ്രവർത്തനം തുടങ്ങാത്ത അംഗൻവാടികൾ മാറ്റി നൽകുക എന്ന നയമാണ് അനുവർത്തിച്ചിരുന്നത്. എന്നാൽ ഇനിയും ആവശ്യമുള്ള സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ നൽകാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതനുസരിച്ച് ഇനിയും അംഗൻവാടികൾ ആവശ്യമായ സ്ഥലങ്ങളിൽ അവ ആരംഭിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ എല്ലാ ശിശുവികസന പദ്ധതി ആഫീസർമാർക്കും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി ആന്റ് ഇ) ഐ.സി.ഡി.എസ്. മാനദണ്ഡമനുസരിച്ച് ഒരു അംഗൻവാടി അനുവദിക്കുന്നതിന് അർബൻ/റൂറൽ പ്രദേശങ്ങളിൽ ആയിരം ജനസംഖ്യയും ട്രൈബൽ പ്രദേശങ്ങളിൽ എഴുന്നൂറു ജനസംഖ്യയും ഉണ്ടായിരിക്കണം എന്നാണ് നിഷ്കർഷ. എന്നാൽ പിന്നോക്ക പ്രദേശങ്ങളിലും ഒറ്റപ്പെട്ട പ്രദേശങ്ങളിലും ഈ വ്യവസ്ഥയിൽ ഇളവ് അനുവദിക്കാറുണ്ട്.

അനാഥകുട്ടികളുടെ സംരക്ഷണ കേന്ദ്രം

124 [494] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥകുട്ടികളെ സംരക്ഷിക്കുന്ന എത്ര കേന്ദ്രങ്ങളുണ്ട്;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നടപടി ക്രമം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് അനധികൃതമായി കുട്ടികളെ ദത്തെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള അനധികൃത ദത്തെടുപ്പിന്റെ കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly